LIBRARY ARCHIVES Kerala Legislative Assembly

ഫാം ടൂറിസം പദ്ധതി

28 (1013) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാന പച്ചക്കറിത്തോട്ടം വണ്ടിപ്പെരിയാർ, ഇടുക്കി.

(സി) ഇല്ലായെങ്കിൽ അത്തരം പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

നേരിയമംഗലം ജില്ലാ കൃഷി തോട്ടം, ഓറഞ്ച് പച്ചക്കറി ഫാം, നെല്ലിയാമ്പതി, തളിപ്പറമ്പ ജില്ലാ കൃഷി തോട്ടം, ആല്വവ വിത്തുത്പാദന കേന്ദ്രം എന്നീ ഫാമുകളിൽ ഫാം ടൂറിസം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ കുട്ടികളുടെ പാർക്ക്, അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ ചിത്രശലഭ പാർക്ക് എന്നിവയും നടപ്പിലാക്കുന്നുണ്ട്. നേരിയമംഗലം ജില്ല കൃഷിത്തോട്ടത്തിൽ ആർ.കെ.വി.വൈ., ആർ.കെ.ഐ. എന്നീ പദ്ധതികളുടെ ഫണ്ട് വിനിയോഗിച്ച് കെ.എൽ.ഡി.സി. മുഖേന ഫാം ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു .

(ഡി) ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവയെ പരിഗണിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിന് കീഴിൽ വരുന്ന പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല ബനാന നഴ്സറി എന്നിവയിൽ ഫാം ടൂറിസം വികസിപ്പിക്കുന്നതിനു ഇപ്പോൾ ആലോചിച്ചിട്ടില്ല.

നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക്

29 (1014) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക് പൂർണ്ണമാക്കി വിജ്ഞാപനം ചെയ്യാൻ സാധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനകം എത്ര പ്രദേശങ്ങളിലെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു; ഇനി ശേഷിക്കുന്നവ എത്രയാണ്;

&

(സി) ഡേറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

കേരളത്തിൽ ആകെയുള്ള 1,077 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ട 1,061 കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരഗ്രാമം പദ്ധതി

30 (1015) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, രോഗം ബാധിച്ചതും ഉൽപ്പാദനശേഷിയില്ലാത്തതുമായ തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly